150 YEARS OF CELEBRATING THE MAHATMA

Q3/44933/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ

കാര്യാലയം വികാസ് ഭവൻ,

തിരുവനന്തപുരം

17.02.2023

**വിജ്ഞാപനം**

വിഷയം: കോ.വി.വ.തിരുവനന്തപുരം – 2021-22 അക്കാദമിക് വർഷത്തെ മുഖ്യമന്ത്രിയുടെ പ്രതിഭ ധന സഹായ പദ്ധതിയുടെ( **CM സ്കോളർഷിപ്)** അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത് സംബന്ധിച്ച്

---

ബഹു. മുഖ്യമന്ത്രിയുടെ പ്രതിഭധന സഹായ പദ്ധതിയുടെ ഭാഗമായി **2021-22** അക്കാദമിക് വർഷത്തിൽ പഠിച്ച അവസാന വർഷ ബിരുദ( 3/4/5 വർഷ ബിരുദ കോഴ്സുകൾ ) വിദ്യാർത്ഥികൾക്ക് **ഒരു ലക്ഷം രൂപ വീതം 1000 വിദ്യാർത്ഥികൾക്ക്** സ്കോളർഷിപ്പായി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സ്കോളർഷിപ്പിനായി താഴെ പറയുന്ന 13 സർവ്വകലാശാലകളിൽ നിന്നും അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിവിധ വിഷയങ്ങളിൽ 2021-22 അധ്യായന വർഷം വിജയകരമായി പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.അപേക്ഷകർ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക സ്കോളർഷിപ്പ് പോർട്ടലായ **http://dcescholarship.kerala.gov.in** വഴി അപേക്ഷിക്കാവുന്നതാണ് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **05/03/2023** സ്കോളർഷിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ ചുവടെ നൽകുന്നു

**മാർഗരേഖ**

1. 2021-22അധ്യയന വർഷംഅവസാന വർഷ ഡിഗ്രിബിരുദ(3/4/5വർഷ ബിരുദകോഴ്സുകൾ )പരീക്ഷ വിജയിച്ചവരിൽ നിന്നും ബിരുദ തല പരീക്ഷയിൽ ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും അർഹരായവരെ തിരഞ്ഞെടുക്കുന്നത്.
2. കേരളത്തിലെ താഴെ പറയുന്ന സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ഡിഗ്രി/തത്തുല്യ കോഴ്സിൽ റെഗുലറായി കോഴ്സ് പൂർത്തീകരിച്ചവരിൽ 75% ത്തിന് മുകളിൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്.
3. അതാത് സർവകലാശാല നിഷ്കർഷിച്ചിട്ടുള്ള ഫോർമുല ഉപയോഗിച്ച് കണക്കാക്കുന്ന ആകെ മാർക്കിന്റെ ശതമാനമായിരിക്കും സ്കോളർഷിപ്പിനായി പരിഗണിക്കുന്നത്

| NO | UNIVERSITY |
|---|---|
| 1 | UNIVERSITY OF KERALA |
| 2 | UNIVERSITY OF CALICUT |
| 3 | COCHIN UNIVERSITY OF SCIENCE AND TECHNOLOGY |
| 4 | MAHATHMA GANDHI UNIVERSITY |
| 5 | KANNUR UNIVERSITY |

| | |
|---|---|
| 6 | KERALA UNIVERSITY OF HEALTH SCIENCES |
| 7 | KERALA VETERINARY AND ANIMAL SCIENCE UNIVERSITY |
| 8 | KERALA AGRICULTURAL UNIVERSITY |
| 9 | KERALA UNIVERSITY OF FISHERIES AND OCEAN STUDIES |
| 10 | NATIONAL UNIVERSITY OF ADVANCED LEGAL STUDIES |
| 11 | SREE SANKARACHARYA UNIVERSITY OF SANSKRIT |
| 12 | APJ ABDUL KALAM TECHNOLOGICAL UNIVERSITY |
| 13 | KERALA KALAMANDALAM |

4. അപേക്ഷകൾ ലഭിക്കുന്നതിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്കായിരിക്കും സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നത്. ഓരോ സർവ്വകലാശാലകളിലേയും ഡിഗ്രി വിഭാഗത്തിലെ ഓരോ വിഷയത്തിലും പഠിച്ച ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി സ്കോളർഷിപ്പിന്റെ എണ്ണം പരിമിതപ്പെടുത്തും.

5 . അപേക്ഷകരുടെ വാർഷിക വരുമാനം 2.5 ലക്ഷം (രണ്ടു ലക്ഷത്തി അൻപതിനായിരം ) രൂപയിൽ കവിയരുത് .

6 ഓരോ സർവ്വകലാശലകളിലെയും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വിഷയാനുസൃതമായി വെവ്വേറെയായിരിക്കും സ്കോളർഷിപ്പിനായി പരിഗണിക്കുന്നത്.

7. സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ഒരു വിഷയത്തിന്റെ വിവിധ സ്ക്കീമുകളെ ഒരുമിച്ചായിരിക്കും പരിഗണിക്കുന്നത്.

8 .ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നൽകുന്ന ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളെ ഈ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതല്ല.

9 .സർവ്വകലാശാലയിലെ Govt / Aided / Autonomous / Self Finance കോളേജുകളെ ഒരുമിച്ചായിരിക്കും പരിഗണിക്കുക.

10 .സ്കോളർഷിപ്പിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഡിഗ്രി സർട്ടിഫിക്കറ്റ് ,കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്,വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു (1) വർഷത്തിനകം ലഭിച്ച വരുമാന സർട്ടിഫിക്കറ്റ് മുതലായവ അപേക്ഷിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്

11 .അപേക്ഷയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് താഴെ നൽകിയിട്ടുള്ള നമ്പറിലും ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്

**MOB : 0471-2306580,9447096580,9446780308**

**Email ID : cmscholarshipdce@gmail.com**

ഉന്നത വിദ്യാഭ്യാസത്തിൽ തുല്യതയും മികവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി മേൽ പറഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താത്തതുമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിന് വിവേചനാധികാരം ഉണ്ടായിരിക്കും. പദ്ധതിയും അതിന്റെ നടത്തിപ്പും സംബന്ധിച്ച എന്തെങ്കിലും തർക്കമുണ്ടായാൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും

**Approval Valid**

Digitally Approved By
VIGNESHWARI V I.A.S
Date:17.02.2023
Reason:Approved

## മുഖ്യമന്ത്രിയുടെ പ്രതിഭധന സഹായ പദ്ധതി (CM SCHOLARSHIP ) അപേക്ഷ സമർപ്പിക്കുന്നതിന് ചുവടെ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക

1. **dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിക്കുക**
2. **ഹോം പേജിൽ 1 മുതൽ 13 വരെ നൽകിയിരിക്കുന്ന വിവിധ സ്കോളര്ഷിപ്പുകളുടെ പേരുകളിൽ 13 മതായി നൽകിയിരിക്കുന്ന CHIEF MINISTERS SCHOLARSHIP AWARD എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക**




3 **. അപ്പോൾ ദൃശ്യമാകുന്ന APPLY ONLINE ക്ലിക്ക് ചെയ്യുക**



**4.തുടർന്ന് ലഭ്യമാകുന്ന STUDENTS ONLINE REGISTRATION FORM പൂർണമായും പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക( PART 5 അതാത് സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള ഫോർമുല ഉപയോഗിച്ച് കൃത്യമായ ദശാംശ സ്ഥാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആകെ മാർക്കിന്റെ ശതമാനം രേഖപ്പെടുത്തുക)**



STUDENT ONLINE REGISTRATION

* Marked Fields are Mandatory

1. SSLC or equivalent examination passed by the applicant

| | |
|---|---|
| a) Board of Examination* | |
| b) Roll No of Examination* | Digits Only. Symbols and Alphabets are not allowed |
| c) Year of passing the examination* | |

2. Bio data of Applicant

REGISTRATION ID-

| | |
|---|---|
| a) Name of Applicant * | |
| b) Date of Birth(DD/MM/YYYY)* | Day DD Month MM Year YY |
| c) Sex* | |
| d) Nationality* | INDIAN Only INDIAN National can Apply |
| e) Name of Father/Mother/Guardian* | |
| f) Relationship to the Student | |
| g) Occupation of Father/Mother/Guardian* | |
| h)Aadhaar Enrolment Status | Aadhaar Id |
| i)Adhar ID * | |

3. Permanent Address

7. Password Settings

Enter new password for successful submission of application and getting Registration Printout
Note the password for further reference !.

| | |
|---|---|
| a) UserID(RegistrationID) | |
| b) Enter new Password* | |
| c) Re-enter Password* | |

Declaration

(i) I hereby declare that the information furnished above is correct. I agree
(ii) I will not avail any other scholarship except fee concession or lumpsum grand
(iii) I shall abide by the terms and conditions for the scholarship scheme.
(iv) I undertake that if at any stage, it is found to the satisfaction of the sanctioning authority that the information given by me is false or if I have violated the terms and conditions of the scholarship, the scholarship sanctioned to me, may be cancelled and the entire amount of scholarship will be refunded by me, or recovered from me, apart from liability for such penal action as warranted by law.

Type the characters you see in the image below

111111 Captcha *

Submit

**അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾ ബാങ്ക് അക്കൗണ്ട് Aadhar_Linked ആണെന്ന് ഉറപ്പു വരുത്തുക**

**5.USER ID,PASSWORD അനുയോജ്യമായ രീതിയിൽ നൽകുക**

6.തുടർന്ന് വരുന്ന പേജിൽ CMS ഓപ്ഷൻ തിരഞ്ഞെടുക്കുക




7. ആവശ്യമായ വിവരങ്ങൾ നൽകുകയും JPEG/ PDF ഫോർമാറ്റിൽ 300kb കവിയാത്ത ഡോക്യൂമെൻറ്സ് അപ്‌ലോഡ് ചെയുകയും SUBMIT ഓപ്ഷൻ ക്ലിക്ക് ചെയ്യുക

8 തുടർന്ന് വരുന്ന പേജിൽ നിന്ന് VIEW/ PRINT ഓപ്ഷൻ തിരഞ്ഞെടുത്ത നൽകിയ വിവരങ്ങൾ ശരിയാണെന്നു സത്യമാണെന്നും ഉറപ്പ്വരുത്തുക.

9. അപേക്ഷകർക്ക് personal details edit ചെയ്യാനായി Edit Registration Detailsഎന്ന ഓപ്ഷനിൽ EDIT CHEIF MINISTER SCHOLARSHIP REGISTRATION, അപ്‌ലോഡ് ചെയ്ത ഡോക്യൂമെൻറ്സിൽ മാറ്റം വരുത്താൻ scholarship details എന്ന ഓപ്ഷനും selectചെയ്യുക

